LIBRARY ARCHIVES Kerala Legislative Assembly

ആലുവ മണ്ഡലത്തിലെ ളുമ്പാത്തോടിന്റെ പുനരുദ്ധാരണം

103(608) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ ളുമ്പാത്തോടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ ഓഫീസിലെ 12224/19/ഡബ്ല്യു2 നമ്പർ ഫയലിൽ നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആലുവ മണ്ഡലത്തിലെ ളുമ്പാത്തോടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ 12224/19/ഡബ്ല്യു2 നമ്പർ ഫയലിൽനിന്നും ഈ വിഷയം സംബന്ധിച്ച് ലഭിച്ച അപേക്ഷയുടെ തുടർനടപടികൾ എന്നോണം സാമ്പത്തിക ലഭ്യത അനുസരിച്ച് ഏറ്റെടുത്ത പ്രവർത്തികളുടെ വിശദാംശം അനുബന്ധം I-ആയി ചേർത്തിരിക്കുന്നു.*

(ബി) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

മേൽപ്പറഞ്ഞ പ്രവർത്തികൾക്ക് അനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.*

നദികളിലെ മണൽ ലഭ്യത

104(609) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിലെ മണൽ ലഭ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ നദികളിലെ മണൽ ലഭ്യത സംബന്ധിച്ച സാൻഡ് ഓഡിറ്റ് 30 പ്രധാന നദികളിലും 5 പോഷക നദികളിലും നടത്തിയിട്ടുണ്ട്. അതിൽ 26 പ്രധാന നദികളും 3 പോഷക നദികളും ചേർത്ത് 29 നദികളുടെ സാൻഡ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. 13 നദികളിൽ മണൽ ലഭ്യതയില്ല. 16 നദികളിൽ (പമ്പ, മണിമല, അച്ചൻകോവിൽ, മൂവാറ്റുപുഴ, പെരിയാർ, ഭാരതപ്പുഴ, കടലുണ്ടി, ചാലിയാർ, മാഹി, പെരുമ്പ, വളപട്ടണം, ശ്രീകണ്ഠാപുരം, മൊഗ്രാൽ, ചന്ദ്രഗിരി (പാർട്ട്-2) ഉപ്പള, ഷിറിയ) മണൽ ലഭ്യത കണ്ടെത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.